# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5709

05/07/2013-ൽ
മറുപടിയ്ക്ക്

**സർവ്വകലാശാലകളുടെ കീഴിലുള്ള കൊളീജിയേറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്**

**ചോദ്യം**
ശ്രീ.സണ്ണി ജോസഫ് :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ഓരോ സർവ്വകലാശാലയുടെ അധികാര പരിധിക്ക് കീഴിലും എത്ര വീതം കൊളീജിയേറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളാണ് നിലവിലുള്ളത് ; ഏതെല്ലാം ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 5 ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. സർവ്വകലാശാലയുടെ അധികാര പരിധിക്ക് കീഴിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ പ്രവർത്തിക്കുന്നില്ല. |
| (ബി) | ഇത്തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് (കൊളീജിയേറ്റ്) ഇല്ലാത്ത സർവ്വകലാശാല ഏതൊക്കെയാണ് ; | (ബി) | ബാധകമല്ല. |
| (സി) | കണ്ണൂർ സർവ്വകലാശാലയുടെ പരിധിയിൽ കൊളീജിയേറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് നിലവിൽ ഉണ്ടോ ; | (സി) | ഇല്ല. |
| (ഡി) | കൊളീജിയേറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ ഇല്ലാത്ത സർവ്വകലാശാല പരിധിയിൽ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) | കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ കോളേജുകൾ കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറേറ്റിന്റെ പരിധിയിലാണ് വരുന്നത്. ഈ ജില്ലകളിലെ കോളേജുകളുടെ എണ്ണം കണക്കിലെടുത്തും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ആവശ്യം പരിഗണിച്ചും കണ്ണൂർ ആസ്ഥാനമാക്കി ഒരു ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ